# പതിനാല്ാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3251 — 19.06.2018 -ൽ മറുപടിക്ക്

## കണ്ണോത്ത് ഗവ:എൽ.പി.സ്കൂളിന്റെ സ്ഥലം വിട്ടുകൊടുക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുരളി പെരുനെല്ലി : | ശ്രീ.കെ.ടി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
| (എ) തൃശ്ശൂർ വെങ്കിടങ്ങ് പഞ്ചായത്തിലെ കണ്ണോത്ത് വളരെക്കാലമായി പ്രവർത്തിച്ചുവരുന്ന ഗവൺമെന്റ് എൽ.പി.സ്കൂളിന്റെ വികസനത്തിനായി ഒരു വ്യക്തി വിട്ടുകൊടുത്ത ഭൂമി വഖഫ് ബോർഡിന്റെ കീഴിലേക്ക് മാറ്റപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) സ്കൂളിനായി വിട്ടുകൊടുത്ത പ്രസ്തുത സ്ഥലം വഖഫിന്റെ കീഴിലേക്ക് എന്നുമുതലാണ് വന്നതെന്നും എപ്രകാരമാണ് വന്നതെന്നുമുള്ള വിവരം നൽകാമോ; | (എ) & (ബി) തൃശ്ശൂർ ജില്ലയിലെ വെങ്കിടങ്ങ് പഞ്ചായത്തിലെ കണ്ണോത്ത് പ്രവർത്തിച്ചു വരുന്ന ഗവൺമെന്റ് എൽ.പി.സ്കൂളിനായി വ്യക്തി വിട്ടുകൊടുത്ത ഭൂമി വഖഫ് ബോർഡിന്റെ കീഴിലേക്ക് മാറ്റപ്പെട്ടിട്ടില്ല. കണ്ണോത്ത് ജമാഅത്ത് പള്ളിക്കുവേണ്ടി കണ്ണോത്ത് ഇസ്സത്തുൽ ഇസ്ലാംജമാഅത്ത് കമ്മിറ്റി പ്രസിഡന്റിന്റെ പേർക്ക് മുല്ലശ്ശേരി എസ്.ആർ.ഒ.യിലെ 1311/1991, 1621/94 എന്നീ നമ്പർ ആധാരങ്ങൾ പ്രകാരം വഖഫ് ചെയ്തിട്ടുള്ള സർവ്വെ നമ്പർ 133/3 ൽപെട്ട 81 സെന്റ് വസ്തുവിൽ 2000/- രൂപ വാടകയ്ക്ക് ആണ് കണ്ണോത്ത് ഗവൺമെന്റ് എൽ.പി.സ്കൂൾ പ്രവർത്തിച്ചു വരുന്നത്. പ്രസ്തുത വസ്തു ഒരുകാലത്തും ഗവൺമെന്റ് എൽ.പി.സ്കൂളിന്റെ വികസനത്തിനായി വിട്ടുകൊടുത്തിട്ടില്ല മറിച്ച് മതപരവും ധാർമ്മികവുമായ പ്രവർത്തികൾ ചെയ്യുന്നതിനും ഇസ്സത്തുൽ ഇസ്ലാം ജമാഅത്ത് കമ്മിറ്റി നിയമാവലിയിൽ പറയുന്ന കാര്യങ്ങൾ ചെയ്യുന്നതിനായി വഖഫ് ചെയ്തിട്ടുള്ളതാണ്. |
| (സി) ഏറെ അസൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന പ്രസ്തുത സ്കൂളിന്റെ വികസനത്തിന് പല തടസ്സങ്ങളും ഉള്ളതിനാൽ സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലം വഖഫിൽ നിന്നും സ്കൂളിനായി വിട്ടുകൊടുക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) വഖഫ് വസ്തു കൈമാറ്റം ചെയ്യുന്നതിനും അന്യാധീനപ്പെടുത്തുന്നതിനും വഖഫ് നിയമ പ്രകാരം അനുവദനീയമല്ല. വഖഫ് ആക്ട് സെക്ഷൻ 51 പ്രകാരം പ്രസ്തുത നടപടികൾ തടഞ്ഞിട്ടുള്ളതാണ്. എന്നാൽ ഒരു പൊതു ആവശ്യത്തിനായി അനുയോജ്യമായ മറ്റ് വസ്തുക്കൾ ഒന്നും ഇല്ല എങ്കിൽ നിലവിലുള്ള ലാന്റ് അക്വിസിഷൻ നിയമപ്രകാരം ടി വസ്തു വഖഫ് ബോർഡുമായി കൂടിയാലോചിച്ച് സർക്കാരിന് ഏറ്റെടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ